LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം കൊടുത്തുകൊണ്ടാണ് അവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നത്. ഇതിനോടകംതന്നെ അതിന് എല്ലാവിധ സഹായങ്ങളും ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും

4(*331) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായും ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായുമുള്ള ആക്ഷേപങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) മരാമത്ത്, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിൽ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഗുണം ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ധനവകുപ്പിന് നിലവിൽ സംവിധാനങ്ങളുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): (എ) സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായും ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായുമുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിലെ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഇത്തരം വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ വർദ്ധനവുണ്ടോയെന്ന് ഓരോ വർഷത്തെയും അതത് വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എണ്ണത്തിലെ വർദ്ധനവ് പരിശോധിച്ചിട്ടുണ്ടോ? കരാറുകളിലെ നിബന്ധന പ്രകാരമാണോ പ്രവൃത്തികൾ നടക്കുന്നത് എന്നത് ഉറപ്പാക്കുന്നതിനായി ഏതൊക്കെ പ്രവൃത്തികളുടെ പരിശോധന ചീഫ് എഞ്ചിനീയർ തലത്തിൽ എപ്പോഴൊക്കെയാണ് നേരിട്ടെത്തിയിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകാമോ?

(സി) ധനകാര്യ സെക്രട്ടറി തലത്തിൽ ഈ വിഭാഗങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി യഥാസമയം അവലോകനം നടത്തി ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ്

5(*332) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. എ. ബേബി :
ശ്രീ. സാജു പോൾ :
ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ?

(എ) മുൻ ബഡ്ജറ്റുകളിൽ ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ എത്രത്തോളം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ബഡ്ജറ്റിൽ ഏറ്റവും മുൻഗണനാപ്രദമെന്ന് വിശേഷിപ്പിച്ച ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജനങ്ങളോടുള്ള പ്രതിബദ്ധതയെന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ചെറിയ ശതമാനം പോലും നടപ്പിലാക്കാതിരിക്കുന്ന എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ തരം വകുപ്പുകൾ മുഖേനയാണ്

LIBRARY ARCHIVES Kerala Legislative Assembly